KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട് – മുഖപത്രം

ലക്കം –1 പുസ്തകം – 7 ആഗസ്റ്റ്– 2008

# യാക്കോബായ സഭയ്ക്ക് പുതിയ രണ്ട് ഇടയന്മാർ



**നവാഭിഷിക്തരായ അഭിവന്ദ്യ തിരുമേനിമാർ മോർ സിൽവാനോസ് പത്രോസ്, മോർ അത്താനാസിയോസ് ഏലിയാ ബാഹി, മോർ മാത്യൂസ് അഫ്രേം, ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് തോമസ് പ്രഥമൻ ബാവാ, പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ, മോർ ഗ്രീഗോറിയോസ് ജോസഫ്, മോർ തീമോത്തിയോസ് അഫ്രേം ആബൂദി, മോർ സേവേറിയോസ് മൽക്കി മുറാദ്, മോർ യുസ്തിനോസ് പൗലോസ് സഫർ എന്നിവരോടൊപ്പം.**

ഡമാസ്കസ്: യാക്കോബായ സഭ യുടെ ഇടുക്കി, കോഴിക്കോട് ഭദ്രാസനങ്ങൾക്കായി രണ്ടു മെത്രാന്മാരെ വാഴിച്ചു.ഇടുക്കി ഭദ്രാസനാധിപനായി കുറിയാക്കോസ് മോർ ക്ലീമ്മിസ്, കോഴിക്കോട് ഭദ്രാസനാധിപനായി പൗലോസ് മോർ ഐറേനിയസ് എന്നിവരാണു വാഴിക്കപ്പെട്ടത്.

ഡമാസ്കസിലെ മോർ അഫ്രേം ദയറായിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെയും ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെയും പ്രധാന കാർമികത്വത്തിലായിരുന്നു വാഴിക്കൽ.

പാത്രിയർക്കൽ അസിസ്റ്റന്റ് മോർ പീലക്സിനോസ് മത്യാസ് നയിസ്, ലബനൻ സഹലേ ബിഷപ് മോർ പൗലോസ് സഫർ, ഹോംസ് ബിഷപ് മോർ യുസ്തിനോസ് സിൽവാനോസ് പത്രോസ്, ജറുസലേം ബിഷപ് സേവേറിയോസ് മൽക്കി മുറാദ്, മോർ തിമോത്തിയോസ് അഫ്രേം ആബുദി, യാക്കോബായ സഭാ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ്, മാത്യൂസ് മോർ അഫ്രേം എന്നിവർ പങ്കെടുത്തു.

*പെരുന്നാൾ ആശംസകൾ*



EXOTIC
AIR TRAVELS

Kochuparangottu Building Jn., Manarcad P. O.
Kottayam, Kerala - 686 019, Ph: 91-481- 2370194,
9947178716, 9447008833
E-mail: xoticmanarcad@yahoo.com

PASSPORT, AIR TICKET (Domestic / International). RECONFIRMATION, EMIGRATION CLEARANCE, CERTIFICATE ATTESTATION, VISA STAMPING MEDICAL REPORTS FOR GULF, TOURIST VEHICLES

L. I. C. ഏജന്റുമാരെ ആവശ്യമുണ്ട്

എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവരും ആകർഷകമായ കമ്മീഷൻ വ്യവസ്ഥയിൽ വർക്ക് ചെയ്യുവാൻ താല്പര്യമുള്ളവർക്കായി L. I. C. Of India ഏജന്റുമാരെ ക്ഷണിക്കുന്നു.

ബന്ധപ്പെടുക
9447195431, 2546614, 2543134

# മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ

# എട്ടുനോമ്പു പെരുന്നാൾ

## 2008 സെപ്റ്റംബർ 1 മുതൽ 8 വരെ

### സെപ്റ്റംബർ 1 തിങ്കൾ

രാവിലെ

7.00 - 8.00 : വി. കുർബ്ബാന (കരോട്ടെ പള്ളിയിൽ)

8.00 - 9.00 : പ്രഭാത പ്രാർത്ഥന

9.00 - 10.30 : കോട്ടയം ഭദ്രാസനാധിപൻ **നി. വ. ദി. ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ്** മെത്രാപ്പോലീത്ത തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 - 12.30 : പ്രസംഗം - **ഡോ. സിറിയക് തോമസ്** (മുൻ വൈസ് ചാൻസലർ എം. ജി. യൂണിവേഴ്സിറ്റി)

വിഷയം : ഭാഗ്യവതിയായ വി. ദൈവമാതാവ്

2.00 - 3.30 : പ്രസംഗം - **വ. ഫാ. ജ്യോതിസ്, പോത്താറ**

വിഷയം : വി. ദൈവമാതാവും തിരുവെഴുത്തുകളും

3.30 - 4.00 : ധ്യാനം - **റവ. ഫാ. ആൻഡ്രൂസ്, ചിരവത്തറ**

4.00 - 5.00 : കൊടിമരം ഉയർത്തൽ

### സെപ്റ്റംബർ 2 ചൊവ്വ

രാവിലെ

7.00 - 8.00 : വി. കുർബ്ബാന (കരോട്ടെ പള്ളിയിൽ) കോഴിക്കോട് ഭദ്രാസനാധിപൻ **നി. വ. ദി. ശ്രീ. പൗലോസ് മോർ ഐറേനിയോസ്** മെത്രാപ്പോലീത്ത തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

8.00 - 9.00 : പ്രഭാത പ്രാർത്ഥന

9.00 - 10.30 : വി. മൂന്നിന്മേൽ കുർബ്ബാന സത്യവിശ്വാസ സംരക്ഷണ സമിതിയുടെ **നി. വ. ദി. ശ്രീ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 - 12.30 : പ്രസംഗം - **റവ. ഫാ. എബി വർക്കി** (പ്രൊഫസർ എം. എസ്. ഒ. ടി. സെമിനാരി, വെട്ടിക്കൽ)

വിഷയം : വി. ദൈവമാതാവും ജീവിതപ്രതിസന്ധികളും

2.00 - 3.30 : പ്രസംഗം - **റവ. സിസ്റ്റർ ജർമ്മയിൻ, കോതമംഗലം**

വിഷയം : വി. ദൈവമാതാവും കുടുംബജീവിതവും

4.00 - 4.45 : ധ്യാനം - **റവ. ഫാ. മാത്യു, മണവത്ത്**

### സെപ്റ്റംബർ 3 ബുധൻ

7.00 - 8.00 : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

8.00 - 9.00 : പ്രഭാത പ്രാർത്ഥന

9.00 - 10.30 : വി. മൂന്നിന്മേൽ കുർബ്ബാന പൗരസ്ത്യ സുവിശേഷസമാജം സഹായമെത്രാപ്പോലീത്ത **നി. വ. ദി. ശ്രീ. മർക്കോസ് മോർ ക്രിസോസ്റ്റമോസ്** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 - 12.30 : പ്രസംഗം **നി. വ. ദി. ശ്രീ. മർക്കോസ് മോർ ക്രിസോസ്റ്റമോസ്** മെത്രാപ്പോലീത്ത തിരുമനസ്സു കൊണ്ട്

വിഷയം : വി. ദൈവമാതാവും മദ്ധ്യസ്ഥപ്രാർത്ഥനയും

2.00 - 3.30 : പ്രസംഗം - **റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ** (വൈദിക ട്രസ്റ്റി ക്നാനായ ഭദ്രാസനം)

വിഷയം : വി. ദൈവമാതാവും ഭവന സംവിധാനവും

4.00 - 4.45 : ധ്യാനം - **റവ. ഫാ. സജി തോമസ്, പച്ചിലക്കാട്ട്**

### സെപ്റ്റംബർ 4 വ്യാഴം

രാവിലെ

7.00 - 8.00 : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

8.00 - 9.00 : പ്രഭാത പ്രാർത്ഥന

9.00 - 10.30 : വി. മൂന്നിന്മേൽ കുർബ്ബാന വൈദിക സെമിനാരി റസിഡന്റ് മെത്രാപ്പോലീത്ത **നി. വ. ദി. ശ്രീ. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 - 12.30 : പ്രസംഗം - **ഡോ. അലക്സാണ്ടർ ജേക്കബ്** ഐ.പി.എസ്. (ജോയിന്റ് ഡയറക്ടർ, പോലീസ് അക്കാഡമി)

വിഷയം : വി. ദൈവമാതാവിനോടുള്ള ഭക്തിയും തീർത്ഥാടനവും

2.00 : ഇടവകയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ ഏകോപിച്ചുള്ള പൊതുസമ്മേളനം

സ്വാഗതം : **വെരി. റവ. ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പ, ഇട്ട്യാടത്ത്** (വികാരി)

അദ്ധ്യക്ഷപ്രസംഗം : **നി. വ. ദി. ശ്രീ. ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത** തിരുമനസ്സുകൊണ്ട്

സമ്മേളനോദ്ഘാടനം : **ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ** തിരുമനസ്സുകൊണ്ട്

സെന്റ് മേരീസ് ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണോദ്ഘാടനം : **ശ്രീ. വയലാർ രവി** (ബഹു. കേന്ദ്ര പ്രവാസികാര്യ മന്ത്രി)

ദ്രവമാലിന്യ സംസ്കരണപ്ലാന്റിന്റെ പ്രവർത്തനോദ്ഘാടനം : **ശ്രീ മാത്യു ടി.തോമസ്** (ബഹു. ഗതാഗത വകുപ്പുമന്ത്രി)

സേവകാസംഘം ഈ വർഷം നിർമ്മിച്ചുനൽകുന്ന ഭവനങ്ങളുടെ അടിസ്ഥാന ശിലാവിതരണം : **ശ്രീ. മോൻസ് ജോസഫ്** (ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി)

കൗൺസിലിംഗ് സെന്റർ ഉദ്ഘാടനം : **ശ്രീ. ഉമ്മൻ ചാണ്ടി** (ബഹു. പ്രതിപക്ഷ നേതാവ്)

വിദ്യാഭ്യാസ അവാർഡ് ദാനം : **ശ്രീ. സുരേഷ് കുറുപ്പ്** എം. പി.

സെന്റ് മേരീസ് കോളേജ് വെബ്സൈറ്റ് ഉദ്ഘാടനം : **ശ്രീ. വി. എൻ. വാസവൻ** എം. എൽ. എ.

### സെപ്റ്റംബർ 5 വെള്ളി

7.00 - 8.00 : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

8.00 - 9.00 : പ്രഭാത പ്രാർത്ഥന

9.00 - 10.30 : വി. മൂന്നിന്മേൽ കുർബ്ബാന കണ്ടനാട് ഭദ്രാസനാധിപൻ **നി. വ. ദി. ശ്രീ. മാത്യൂസ് മോർ ഈവാനിയോസ്** മെത്രാപ്പോലീത്ത തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ

11.00 - 12.30 : പ്രസംഗം - **റവ. ഫാ. കൊച്ചുമോൻ തോമസ്, റാന്നി**

വിഷയം : വി. മറിയാമിന്റെ ദൈവദർശനം

2.00 - 3.30 : പ്രസംഗം - **റവ. ഫാ. മാത്യൂസ്, ചാലപ്പുറം**

വിഷയം : വി. ദൈവമാതാവും ക്രൈസ്തവ ജീവിത സാക്ഷ്യവും

4.00 - 4.45 : ധ്യാനം - **റവ. ഫാ. ബിനോയ് ചാക്കോ** (മോർ ഗ്രീഗോറിയൻ സെന്റർ, അമ്പലവയൽ)

### സെപ്റ്റംബർ 6 ശനി

7.00 - 8.00 : **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)

8.00 - 9.00 : പ്രഭാത പ്രാർത്ഥന

## ആഗസ്റ്റിലെ വിശേഷ ദിവസങ്ങൾ

1 ശൂനോയോ നോമ്പ് ആരംഭവും മൊർത്ത്ശ്മൂനിയുടെയും അവളുടെ ഏഴു പുത്രന്മാരുടെയും അവരുടെ ഗുരുവായ ഏലിയാസറിന്റെയും ഓർമ്മ. പരിശുദ്ധ മോർ റൂബേൻ.

2 മോർ ഈവാനിയോസ് (മുളന്തുരുത്തി) വി. സ്തേഫാനോസിന്റെ തിരുശേഷിപ്പ് കണ്ടെത്തൽ.

3 ഹാരാനിലെ ലാസർ മൗദ്യോനോ, ഓവീരിലെ കുറിയാക്കോസ് മോർ ഈവാനിയോസ് ഹിദായത്തുള്ള (എ. ഡി. 1694 മുളന്തുരുത്തി) മൊർത്ത് ലുദിയ.

4 അത്ഭുതപ്രവർത്തകനായ നികിത.

7 ഉറഹായിലെ മോർ റാബൂലെ.

9 നീതിമാനായ ഇയ്യോബ്. രക്തസാക്ഷികളായ അന്ത്രയോസും സഹഭടന്മാരും.

10 പരിശുദ്ധനായ മോർ മത്ഥിയാസ് ശ്ലീഹ. ഗീവറുഗീസ് അർക്കദിയാക്കൻ (അങ്കമാലി)

12 മാർ അസ്സാസ്സായേൽ സഹദായുടെ ഓർമ്മ. മോർ മക്സയോസിന്റെ അസ്ഥിസംസ്കാരം.

15 മുന്തിരിത്തണ്ടുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മയും സ്വർഗ്ഗാരോഹണ പെരുന്നാളും ശൂനോയോ നോമ്പിന്റെ അവസാനവും. കുറിച്ചി മോർ ഇഗ്നാത്തിയോസ് ക്നാനായ പള്ളി, കല്ലുമേട് സെന്റ് മേരീസ്, മാമംഗലം ക്നാനായ പള്ളി, മുളന്തുരുത്തി മാർ തോമൻ പള്ളി.

16 അന്ത്യോഖ്യായുടെ മോർ കുറിയാക്കോസ്.

19 മോർ ലാബിശ്ലീഹായുടെ ഓർമ്മ. എല്ലാ പ്രവാചകന്മാരുടെയും ഓർമ്മ.

22 മാർത്തോമ്മാ ശ്ലീഹായുടെ അസ്ഥിസംസ്കാരം.

24 മോർ മത്തായിശ്ലീഹായുടെ ഓർമ്മ.

29 മോർ യോഹന്നാൻ മാംദോനോയുടെ ശിരഛേദനത്തിന്റെ ഓർമ്മ.

30 വി.ദൈവമാതാവിന്റെ അരക്കെട്ടു നിക്ഷേപം. അരിമത്യാക്കാരൻ ജോസഫ്, നിക്കോദിമോസ് എന്നിവരുടെ ഓർമ്മ.

# വി. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ

# സഹനത്തിൽ നിന്നുള്ള വിടുതൽ

ലോകരക്ഷകനായ യേശുക്രിസ്തുവിനെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യം സിദ്ധിച്ച മഹാവിശുദ്ധയായ കന്യക മറിയാമിനെ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്നാണ് കൗമയുടെ അവസാനം നാം പറയുന്നത്. പരിശുദ്ധാത്മ നിറവോടെ കന്യകമറിയാം പറയുന്നത് തന്റെ ദാസിയുടെ താഴ്മയെ കർത്താവ് നോക്കി കണ്ടിരിക്കുന്നുവെന്നാണ്. വിനയത്തിന്റെയും, ശ്രേഷ്ഠതയുടേയും, വിശുദ്ധിയുടെയും നൈർമല്യത്തിന്റെയും സഹനത്തിന്റെയും പ്രതീകമായാണ് വി. കന്യക മറിയാമിനെ ക്രൈസ്തവ ലോകം ദർശിക്കുന്നത്.

പ്രാർത്ഥിക്കുന്ന മറിയാമിനോട് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ ഞങ്ങളുടെ കർത്താവ് നിന്നോട് കൂടെ".

ഇതുകേട്ട് ഭയചകിതയായി നിന്ന മറിയാമിനോട് "മറിയാമേ ഭയപ്പെടേണ്ട എന്തെന്നാൽ ദൈവസന്നിധിയിൽ നീ കൃപകണ്ടെത്തിയിരിക്കുന്നു. നീ ഗർഭവതിയായി ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന് പേര് വിളിക്കണം. അവൻ വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവായ അവന് കൊടുക്കും. അവൻ യാക്കോബിന്റെ ഭവനത്തിൽ എന്നേക്കും വാഴ്ച നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല എന്നു പറഞ്ഞു."

ഗബ്രിയേൽ മാലാഖ മറിയാമിനോട് ഇതറിയിക്കുമ്പോൾ മറിയാം പറഞ്ഞു. ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു. അത്യത്ഭുതകരമായ കാര്യമാണ് കന്യക ഗർഭം ധരിക്കുന്നതും, വാർദ്ധക്യത്തിൽ ചാർച്ചക്കാരിയായ എലിസബത്ത് ഗർഭം ധരിക്കുന്നതും, ഗർഭിണി ആയ കന്യകയെ ചേർത്തു കൊള്ളുവാൻ കർത്താവിന്റെ ദൂതൻ യൗസേഫിന് ദർശനം നൽകുന്നു.

അത്യത്ഭുതകരമായ കാര്യം ജീവിതത്തിൽ സംഭവിച്ച മറിയം യേശുവിന്റെ ജനനം അടുത്തപ്പോൾ മുതൽ ത്യാഗങ്ങളുടെയും, പാതയിൽ മുന്നേറുകയാണ്. ലോകരക്ഷകനെ പ്രസവിക്കാൻ വളരെ ഭദ്രമെന്നോ, സുരക്ഷിതമെന്നോ നാം വിശേഷിപ്പിക്കുന്ന ഒരിടവും അവർക്ക് ലഭിച്ചില്ല. ജനസംഖ്യാകണക്ക് ബേത്‌ലഹേമിൽ എത്തിച്ചുകൊടുക്കുവാൻ വളരെ ദൂരം യാത്ര ചെയ്തെത്തിയ അവർ അവസാനം ഒരു പുൽത്തൊട്ടിൽ യേശുവിന്റെ ജന്മഗേഹമായി തെരഞ്ഞെടുത്തു. ഐഹീകമായ സുഖസമൃദ്ധിയല്ല എന്റെ രാജ്യത്തിന്റെ ലക്ഷണമെന്ന് ജനനത്തിലും മരണത്തിലും ഘോഷിച്ച പുത്രൻ തമ്പുരാൻ തന്റെ ഉയിർപ്പുവഴി യഹൂദസമൂഹത്തേയും തന്നെ ക്രൂശിച്ചവരേയും ലജ്ജിതരാക്കിയപ്പോൾ പൈശാചിക സമൂഹം പിന്നെ മറിയാമിനെ അടുത്ത ലക്ഷ്യമായി തെരഞ്ഞെടുത്തുവെന്ന് പാരമ്പര്യം പറയുന്നു.

മറിയാം ഗർഭിണിയാണെന്നറിഞ്ഞ ആചാര്യന്മാർ മറിയാമിനെയും. യൗസേഫിനേയും ദൈവാലയത്തിൽ വരുത്തി വിസ്തരിച്ച് സത്യപരിശോധനയ്ക്കുള്ള വെള്ളംകുടിപ്പിച്ച് മലയിലേക്ക് കയറ്റിവിട്ടതും, യാതൊരു ഉപദ്രവവും ഏൽക്കാതെ അവർ സസുഖം ഇറങ്ങിവന്നതും, യഹൂദന്മാർ ഉപദ്രവിച്ചും, തുപ്പിയും, കല്ലെറിഞ്ഞും, മുൾക്കിരീടം ചാർത്തിയും, ചമ്മട്ടികൊണ്ടടിച്ചും തെരുവീഥിയിലൂടെ നടത്തിയ ശേഷം മൂന്നാം നാൾ എല്ലാവരേയും വിസ്മയിപ്പിച്ചുകൊണ്ട് വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്ത യേശുവിനെ മൂന്നാം ദിവസം കാണുവാൻ കഴിഞ്ഞതും ചരിത്രം.

പരിശുദ്ധ മാതാവിന്റെ വാങ്ങിപ്പ് അതിമനോഹരമായി മാറിയത്. പരി. മാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിൽ പങ്കെടുക്കുന്നവർക്കും, ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നവർക്കും ഇതൊരു സഹന ജീവിതത്തിൽ നിന്നുള്ള വിടുതലായി അനുഭവപ്പെടുന്നതു കൊണ്ടാണ് ലോകത്ത് ധാരാളം പേർ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് കടന്നുവരുന്നത്. പ്രാർത്ഥനയിലും ധ്യാനത്തിലും കഴിയവെ വി. മാതാവിന്റെ ആരോഗ്യസ്ഥിതി തീർത്തും വഷളായി. വി. മാതാവ് മരിപ്പാൻ സമയമായിയെന്ന് പരിശുദ്ധാത്മാവ് മൂലം ഗ്രഹിച്ച ശ്ലീഹന്മാർ എല്ലാവരും എത്തി. വി. മാതാവിനെ ശുശ്രൂഷിക്കുന്നതിൽ വ്യാപൃതരായി.

പ്രാർത്ഥനയുടെ മധ്യത്തിൽ മാതാവിന്റെ വാങ്ങിപ്പ് സംഭവിച്ചു.

## എട്ടുനോമ്പുപെരുന്നാൾ പ്രോഗ്രാം...

| | | |
|---|---|---|
| 9.00 - 10.30 | : | വി. അഞ്ചിന്മേൽ കുർബ്ബാന<br>പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും, കൊച്ചി ഭദ്രാസനാധിപനുമായ<br>**നി. വ. ദി. ശ്രീ. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ |
| 11.00 - 12.30 | : | റവ. ഫാ. ബിനോ ഫിലിപ്പ്, ചിങ്ങവനം |
| വിഷയം | : | വി. ദൈവമാതാവും ജീവിത സഹനവും |
| 2.00 | : | റാസാ |

### സെപ്റ്റംബർ 7 ഞായർ

| | | |
|---|---|---|
| 7.00 - 8.00 | : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ) |
| 8.00 - 9.00 | : | പ്രഭാത പ്രാർത്ഥന |
| 9.00 - 10.30 | : | വി. മൂന്നിന്മേൽ കുർബ്ബാന<br>യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ<br>**ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സിലെ** പ്രധാന കാർമ്മികത്വത്തിൽ |
| 11.30 | : | മദ്ധ്യാഹ്ന പ്രാർത്ഥന<br>**ചരിത്ര പ്രസിദ്ധമായ നടതുറക്കൽ** |
| 6.00 | : | കറിനേർച്ച തയ്യാറാക്കുന്നതിലേക്കുള്ള പന്തിരുനാഴി ഘോഷയാത്ര |
| 10.00 | : | പ്രദക്ഷിണം |
| 11.00 | : | കരിമരുന്ന് പ്രയോഗം |
| 12.00 | : | മാർഗ്ഗംകളി, പരിചമുട്ടുകളി |

### സെപ്റ്റംബർ 8 തിങ്കൾ

| | | |
|---|---|---|
| 7.00 - 8.00 | : | **വി. കുർബ്ബാന** (കരോട്ടെ പള്ളിയിൽ)<br>നിരണം ഭദ്രാസനാധിപൻ<br>**നി. വ. ദി. ശ്രീ. ഡോ. ഗീവറുഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ |
| 8.00 - 9.00 | : | പ്രഭാത പ്രാർത്ഥന |
| 9.00 - 10.30 | : | വി. മൂന്നിന്മേൽ കുർബ്ബാന<br>ക്നാനായ ഭദ്രാസന ആർച്ച് ബിഷപ്പ്<br>**നി. വ. ദി. ശ്രീ. കുറിയാക്കോസ് മോർ സേവേറിയോസ്** തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ |
| 2.00 | : | പ്രദക്ഷിണം, ആശീർവാദം |
| 3.00 | : | നേർച്ചവിളമ്പ് |

എല്ലാ ദിവസവും ഉച്ചക്ക് 12.30 മദ്ധ്യാഹ്ന പ്രാർത്ഥനയും വൈകിട്ട് 5.00 മുതൽ സന്ധ്യാപ്രാർത്ഥനയും ഉണ്ടായിരിക്കും. മദ്ധ്യാഹ്ന പ്രാർത്ഥനയിൽ ഓരോ ദിവസവും ഓരോ വിഷയങ്ങൾക്കായി പ്രത്യേക പ്രാർത്ഥനയും നടത്തും.

## ദുഖ്റോനോ



**ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവാ**
സെപ്റ്റംബർ 1



**ബഹു. കുര്യൻ കത്തനാർ വട്ടക്കുന്നേൽ**
ജൂലൈ 31



**റവ. ഫാ. മാത്യൂസ് വടക്കേപ്പേറമ്പിൽ**
ആഗസ്റ്റ് 1

## വൈദീക പട്ടം സ്വീകരിച്ചു

മണർകാട്: വി. മർത്തമറിയം കത്തീഡ്രൽ ഇടവകയിൽ എടാട്ട് റവ. ഡീക്കൻ വിജി കുരുവിള ശെമ്മാശന് ആഗസ്റ്റ് 15-ന് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് വൈദീക പട്ടം നൽകി. ബഹുമാനപ്പെട്ട അച്ചന് യൂത്ത് അസോസിയേഷന്റെയും കോലോസുറിയോയോയുടെയും അനുമോദനങ്ങൾ

## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ച്തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞനിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9745009151, എഡിറ്റർ: 9446073942, 9249935038.

## സായാഹ്നധ്യാനം നടത്തി

മണർകാട്: വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽ വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനോടനുബന്ധിച്ച് സായാഹ്ന ധ്യാനം നടത്തി. ആഗസ്റ്റ് 12-ന് ബഹു. ജോസ് കോട്ടയിലച്ചൻ വചനപ്രഘോഷണം നടത്തി. 13-ന് റവ. ഫാ. പൗലോസ് പാറേക്കരയും, 14-ന് അഭി. ആയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്തായും പ്രസംഗിച്ചു. വികാരി വന്ദ്യദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യാടത്ത്, റവ. ഫാ. മാത്യൂസ് വടക്കേടത്ത് എന്നിവർ നേതൃത്വം നൽകി. ധാരാളം ആളുകൾ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. യൂത്ത് അസോസിയേഷൻ പാട്ടുപുസ്തകം സൗജന്യമായി വിതരണം ചെയ്തു.

# അനാഥാലയങ്ങൾ സന്ദർശിച്ചു



*മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രവർത്തകർ റവ. ഫാ. കുറിയാക്കോസ് കാലായിലിന്റെ നേതൃത്വത്തിൽ അമയന്നൂർ ജ്യോതിർഭവൻ അനാഥാലയം സന്ദർശിക്കുന്നു.*

അമയന്നൂർ: വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ 09/08/08-ൽ ജ്യോതിർഭവൻ എന്ന അനാഥാലയം സന്ദർശിച്ചു. റവ. ഫാദർ കുറിയാക്കോസ് കാലായിൽ, സെക്രട്ടറി അലൻ വർഗീസ് വാലയിൽ തുടങ്ങിയവർ നേതൃത്വം നൽകി. ഏതാണ്ട് 25-ഓളം അംഗങ്ങൾ സംബന്ധിച്ചു. അവരുടെ ഭക്ഷണത്തിനാവശ്യമായ സഹായങ്ങൾ നൽകി.



*മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രവർത്തകർ മാങ്ങാനം അഗതി മന്ദിരം സന്ദർശിക്കുന്നു.*

മാങ്ങാനം: വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-നു മാങ്ങാനം അഗതി മന്ദിരം സന്ദർശിച്ചു. വാർദ്ധക്യത്തിൽ ആയിരിക്കുന്ന ആളുകളെ സന്ദർശിക്കുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു. സെക്രട്ടറി അലൻ വർഗീസ് വാലയിൽ, ജോയിന്റ് സെക്രട്ടറി റോബിൻ മണിയല, ജോയിന്റ് സെക്രട്ടറി ബിജോ ജോസഫ്, മുൻ സെക്രട്ടറി മനോജ് പി. വി. പായിക്കാട്ടുവയലിൽ, കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ മുൻ വൈസ് പ്രസിഡന്റ് സന്തോഷ്കുട്ടി കണിയാമ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. 20-ഓളം അംഗങ്ങൾ സംബന്ധിച്ചു.

## ബാലകലോത്സവം നടത്തി

മണർകാട്: വിശുദ്ധ മർത്തമറിയാം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സൺഡേ സ്കൂളുകളിലും ആഗസ്റ്റ് 17-ന് സൺഡേസ്കൂൾതല ബാലകലോത്സവം നടത്തി. അതാത് സണ്ടേസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരും ചുമതലപ്പെട്ട സൂപ്പർവൈസർമാരും മത്സരം നിയന്ത്രിച്ചു.

മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി കുട്ടികളുടെ പ്രായം അടിസ്ഥാനമാക്കിയാണ് ഗ്രൂപ്പ് തിരിച്ചത്. വിവിധയിനങ്ങളിലുള്ള മത്സരങ്ങൾ വളരെ ആകർഷകമായിരുന്നു. ഈ മത്സരത്തിൽ കൂടുതൽ പോയിന്റ് നേടി വിജയികളായ കുട്ടികൾക്ക് സെപ്റ്റംബർ മാസത്തിൽ മണർകാട് സെൻട്രൽ സണ്ടേ സ്കൂളിൽവെച്ച് ഡിസ്ട്രിക്ട് തല മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

# ജന്മദിനാശംസകൾ



മോർ അത്താനാസിയോസ്
ഏലിയാ ബാഹി
ആഗസ്റ്റ് 28



മോർ ദിവന്നാസിയോസ്
ബഹനാൻ
ആഗസ്റ്റ് 22



മോർ പീലക്സിനോസ്
യൂസഫ് സെറ്റിൻ
ആഗസ്റ്റ് 20



മോർ ഗ്രീഗോറിയോസ്
യൂഹാനോൻ ഇബ്രാഹിം
ആഗസ്റ്റ് 18



മോർ പീലക്സിനോസ്
മത്താ ശെമവൂൻ
ആഗസ്റ്റ് 25

# ആത്മഹത്യ: സഹായത്തിനായുള്ള നിലവിളി...

**ഡീക്കൻ സനോജ് കുര്യൻ കരോട്ടെക്കുറ്റ്** (ആശ്രയ കൗൺസലിങ്ങ് & ഗൈഡൻസ് സെന്റർ)

ശാസ്ത്ര സാമൂഹിക രംഗങ്ങളിലും സുഖസൗകര്യങ്ങളിലും അഭിവൃദ്ധി പ്രാപിച്ചവരാണ് നാമെങ്കിലും ഇന്ന് മനുഷ്യന് അല്പംപോലും ശാന്തിയും സമാധാനവും ലഭിക്കുന്നില്ല എന്നത് ഗൗരവത്തോടെ നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. പലവിധ ദുരിതങ്ങളാലും ആകുലതകളാലും നിരാശരായി കഴിയുന്ന ആളുകൾ ഇതിനെല്ലാം പരിഹാരമായി ഇന്ന് വേഗത്തിൽ കണ്ടെത്തുന്ന അവസാന ആശ്വാസമായി ആത്മഹത്യ കടന്നുവരുന്നു. എന്തുകൊണ്ടാണ് ഇത്രയും ജീവിത സാഹചര്യങ്ങളും സൗകര്യങ്ങളും അനുകൂലമായിട്ടും മനുഷ്യൻ നിരാശനായി ജീവിതം അവസാനിപ്പിക്കുവാൻ യാതൊരു വീണ്ടുവിചാരവുമില്ലാതെ ഇറങ്ങിപ്പുറപ്പെടുന്നത്...? മോഹങ്ങളാണ് പലപ്പോഴും മനുഷ്യനെ നിരാശയിലേയ്ക്കും ഇത്തരം ജീവിത നിഷേധങ്ങളിലേക്കും കൊണ്ടുപോകുന്നത്. അർഹിക്കുന്നതിനേക്കാൾ കൂടുതൽ നേടുവാനുള്ള ആർത്തി നിറഞ്ഞ ഓട്ടത്തിൽ നഷ്ടപ്പെടുന്നതും നഷ്ടപ്പെടുത്തുന്നതും സ്വന്തജീവിതമാണെന്നുള്ള സത്യം തിരിച്ചറിയാത്തവർ ഒടുവിൽ സ്വയം ജീവനൊടുക്കേണ്ടുന്ന അവസ്ഥയിൽ എത്തിച്ചേരുന്നു. സോഷ്യൽ സ്റ്റാറ്റസ് സമ്പാദിക്കുവാനും സംരക്ഷിക്കുവാനും വേണ്ടി ചിലർ നടത്തുന്ന പൊള്ളയായ ജീവിത പ്രകടനങ്ങൾ എല്ലാം തന്നെ ഒരുവനെ എത്തിക്കുന്നത് ഇത്തരത്തിലുള്ള ഒരു ദുരന്തത്തിലേക്കാണെന്ന് നമുക്ക് ഓർക്കുകയും കുറച്ചാളുകളെയെങ്കിലും ഓർപ്പിക്കുകയും ചെയ്യാം. കുടുംബത്തിൽ നിറയെ ദാരിദ്ര്യം മാത്രമാണെന്ന് തിരിച്ചറിയുമ്പോഴും, കൈകാലുകൾക്ക് സ്വാധീനം ഇല്ലെങ്കിലും മരുന്നുകൾക്ക് മാറ്റാനാവാത്ത രോഗങ്ങൾ ഉള്ളിൽ വളരുന്നുണ്ടെന്ന് തിരിച്ചറിയുന്നവരും ഈ ഭൂമിയിൽ അധികം പരിഭവങ്ങളൊന്നും കൂടാതെ കുറച്ച് മനുഷ്യരെങ്കിലും പലതിനോടും പൊരുത്തപ്പെട്ടും പോരാടിയും, പിടിച്ചുനിൽക്കുന്നുണ്ടെന്ന് തിരിച്ചറിയുമ്പോൾ ഇത്തരം ദുഃഖങ്ങൾക്കിടയിൽ ആശ്വാസമായി മാറും.

വിശ്വസിച്ചവരേ, മദ്യവും ചൂതും പ്രതിഷ്ഠകളും ഭാഗ്യപരീക്ഷണത്തിനുള്ള അമ്പുകളും പൈശാചിക വൃത്തികളിൽ മാലിന്യങ്ങളാണ് അതിനാൽ നിങ്ങൾ അവ വർജ്ജിക്കുക. നിങ്ങൾ വിജയം വരിച്ചേക്കാം. (ഖുർ ആൻ 5:90). വിശുദ്ധ ഖുർ ആനിലെ നബി വചനത്തോട് ചേർത്ത് വായിക്കുമ്പോൾ ഒരു കാലത്ത് കേരളത്തിലെ സ്പോർട്സ് താരമായിരുന്ന വി. പി. സത്യൻ തന്റെ ആത്മഹത്യാ കുറിപ്പിൽ എഴുതിയ ഫുട്ബോളർ എന്ന നിലയിൽ സമൂഹത്തിൽ നിന്ന് അകമഴിഞ്ഞ സ്നേഹവും ആദരവും എനിക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ എല്ലാം നഷ്ടപ്പെട്ടു. മദ്യപാനവും ചൂതാട്ടവുമാണ് സമ്പത്തു മുഴുവൻ നശിപ്പിച്ചത്. (വർത്തമാനം 2006, ജൂലൈ 19).

ആത്മഹത്യ എന്ന പ്രവണതയ്ക്കു പിന്നിലെ കാര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ശാസ്ത്രീയമായ അപഗ്രഥനമല്ല മറിച്ച് മാനുഷീകമായ കാഴ്ചപ്പാടിലൂടെയുള്ള ഒരു അവതരണ ശ്രമമാണ്. ഇന്ന് എല്ലാറ്റിനും പിന്നിൽ കടം എന്ന വലിയ കെണിയുണ്ടാകും. വിദ്യാർത്ഥിക്കു പഠിക്കാൻ...ചെറുപ്പക്കാർക്ക് സ്റ്റൈലിൽ നടക്കാൻ... വാഹനം വാങ്ങാൻ...വീട് മോടി കൂട്ടാൻ...ഇങ്ങനെ പോകുന്നു കടക്കെണികൾ..കടമെടുക്കുന്നവർ ഭൂരിപക്ഷവും തങ്ങളുടെ ജീവിതരീതിയും അവസ്ഥയും മനസ്സിലാക്കുന്നില്ല. ഉയർന്ന നിലവാരത്തിൽ ജീവിക്കുന്നവരുമായി താരതമ്യം ചെയ്താണ് പലരും ഈ കെണിയിൽ അകപ്പെടുന്നത്. ജനറൽ നേഴ്സിംഗ്പോലും പഠിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ ജീവിക്കുന്നവരാണ് ബി. എസ്. സി. നേഴ്സിംഗിനായി ലക്ഷങ്ങൾ കടമെടുക്കുന്നത്. സൈക്കിൾ വാങ്ങാൻ നിവൃത്തിയില്ലാത്തവർ ബൈക്ക് കടം വാങ്ങുന്നു. മനുഷ്യൻ ഇന്ന് അവന്റെ ജീവിതത്തിന് ആവശ്യമുള്ളത് എന്താണെന്ന ചിന്തയില്ല, മറ്റുള്ളവരുടെ മുമ്പിൽ താനും വലിയവനാണെന്ന് കാണിക്കുവാനുള്ള വ്യഗ്രതയിലാണ്. ഈ വ്യഗ്രത പലരെയും ആത്മഹത്യയുടെ വക്കിലെത്തിക്കുന്നു. ഇതിനെ പ്രതിരോധിക്കാൻ നാം നമ്മെത്തന്നെ തിരിച്ചറിയുക എന്നുള്ളതാണ്. ദൈവം സൃഷ്ടികർമ്മത്തിൽ എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളും മനുഷ്യന് നൽകി. എന്നാൽ അത് വിവേകത്തോടെ തെരഞ്ഞെടുത്ത് ഉപയോഗിക്കാനുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിക്കും നല്കിയിട്ടുള്ളത് നാം മറന്നുപോകരുത്. തെരഞ്ഞെടുപ്പിൽ അപാകത വരാതിരിക്കാൻ നാം നമ്മുടെ സാഹചര്യങ്ങളെയും അവസ്ഥകളെയും മനസ്സിലാക്കുക. അത്യാവശ്യം ആവശ്യം അനാവശ്യം എന്നതിനെ നാം സ്വയം തിരിച്ചറിഞ്ഞ് ജീവിക്കാൻ പഠിക്കുക.

സ്വന്തം പ്രയാസങ്ങൾ ഉള്ളു തുറന്നു പറയാൻ അവസരം ലഭിക്കാത്തവർ അനേകരുണ്ട്. കാര്യനിർവ്വഹണങ്ങളൊക്കെ യന്ത്രത്തിന്റെ സഹായത്തോടെ ചെയ്യുന്നുണ്ടെങ്കിൽപോലും ഇന്നു മനുഷ്യനു സമയമില്ല. മാതാപിതാക്കൾക്ക് മക്കളോട് സംസാരിക്കാൻ സമയമില്ല, പ്രായമായവരുടെ ആവശ്യങ്ങൾ അന്വേഷിക്കാൻ സമയമില്ലാത്ത അവസ്ഥ... തന്നിൽ താത്പര്യമുണർത്തുന്ന സീരിയലിന് ഭംഗം വരുത്തുംവിധം കടന്നുവരുന്നതുപോലും ഇഷ്ടമില്ലാത്ത ഭാര്യമാർ.. ഇന്നത്തെ തിരക്കുപിടിച്ച ജീവിതം എല്ലാവരേയും ഒറ്റപ്പെടുത്തിയിരിക്കുന്നു. കുടുംബങ്ങളിൽ അവാർഡു പടം പോലെയുള്ള ജീവിതമാണ്. യാന്ത്രികമായി ജീവിക്കുന്ന മനുഷ്യക്കോലങ്ങളാണ് ഇന്ന് കുടുംബങ്ങളിലും സമൂഹത്തിലും. അങ്ങനെ സ്വയം തീർത്ത തടവറകളിൽ കഴിയുന്നവർ പരസ്പരം ഉള്ളു തുറന്നു സംസാരിക്കാൻ സാധിക്കാതെ ആത്മഹത്യയിലേക്ക് തിരിയുന്നു. അതുകൊണ്ട് ഏകാന്തതയോട് വിടപറഞ്ഞ് സഹജീവികളുമായി സഹവർത്തിത്വത്തോടുകൂടി ഞാനെന്ന ഭാവത്തിൽ നിന്ന് നമ്മളെന്ന ഭാവത്തിലേയ്ക്ക് എത്തിച്ചേരണം. പ്രായമായവരെ സ്നേഹിക്കുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും തിരക്കുകൾക്കിടയിൽ മറ്റുള്ളവർക്ക് ചെവികൊടുക്കുന്ന മാനസികസ്ഥിതി വളർത്തിയെടുക്കേണ്ടിയുമിരിക്കുന്നു. ഏകാന്തത ഇഷ്ടപ്പെടുന്നവരെ പ്രത്യേകം ശ്രദ്ധിച്ച് അവരെ മറ്റുള്ളവരോട് ഇടപഴകുന്ന അനുഭവത്തിലേക്ക് കൊണ്ടുവരണം.

ആത്മഹത്യയ്ക്ക് വഴിയൊരുക്കുന്ന ഒരു ഘടകമാണ് മനോവിഷാദം. ദാർശനികനും ഹ്യൂമനിസ്റ്റുമായ ബർട്രാന്റ് റസ്സലിന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ എലിയറ്റിന്റെയും ജീവിതം പരിശോധിച്ചാൽ തകർന്ന ഒരു ജീവിതമായിരുന്നു റസ്സൽ മൂലം അനേകം സ്ത്രീകൾ ഭ്രാന്താശുപത്രിയിൽ പ്രവേശിക്കുകയും എലിയറ്റ് വിഷാദരോഗത്തിനടിമപ്പെടുകയും ചെയ്തു എന്ന് ചരിത്ര പുസ്തകങ്ങൾ വ്യക്തമാക്കുന്നു. വിഖ്യാതസാഹിത്യകാരൻ ചാൾസ് ഡിക്കൻസ് വിഷാദരോഗിയായിരുന്നു. ധൂർത്ത് സൃഷ്ടിച്ച കടുത്ത ദാരിദ്ര്യമായിരുന്നു രോഗകാരണം. ഉദരരോഗത്തിനും ലൈംഗീക രോഗത്തിനും അടിമപ്പെട്ട് പ്രശസ്ത കവി ജോൺ കീറ്റ്സ് വിഷാദത്തിന്റെയും ഉന്മാദത്തിന്റെയും പിടിയിലമർന്നശേഷമാണ് ഈ ലോകത്തോട് വിടപറഞ്ഞത്. ഇങ്ങനെ പല പ്രമുഖ വ്യക്തികളും മനോവിഷാദവും അശാന്തിയും നിറഞ്ഞ ജീവിതമാണ് നയിച്ചുപോന്നത്. ഇവരുടെയൊക്കെ ജീവിതത്തിൽ തെറ്റിന്റെ വഴികളിലൂടെയുള്ള യാത്രയാണ് ഇവരെ ഈ അവസ്ഥയിൽ എത്തിച്ചത്. ജീവിതം

(ശേഷം പേജ് 6-ൽ)

# മൂസലിലെ (ഇറാക്ക്) മാർ മത്തായിയുടെ ദയറാ

മൂസൽ പട്ടണത്തിൽ നിന്ന് അല്പം കിഴക്കുമാറി അൽവോപ്പ് പർവ്വതത്തിൽ ഈ ദയറാ സ്ഥിതി ചെയ്യുന്നു. ഈ ദയറായുടെ സ്ഥാപനം 4-ാം നൂറ്റാണ്ടിലത്രെ. മാർ മത്തായി തുർക്കിയിൽ ആമീദ് നഗരവാസിയായിരുന്ന ഒരു ധനാഢ്യന്റെ പുത്രനായിരുന്നുവെങ്കിലും ബാല്യത്തിൽത്തന്നെ സന്യാസജീവിതം സ്വീകരിച്ചു. തൂലിയാനാ ചക്രവർത്തിയുടെ പീഡനത്തിൽ അനേകായിരം വിശ്വാസികളും ദയറാക്കാരും വധിക്കപ്പെട്ടു. ഒരു കൂട്ടം ദയറാക്കാർ മർദ്ദീനിലേക്കും മോർ മത്തായി, മോർ സക്കായി, മോർ അബ്രഹാം, മോർ ദാനിയേൽ ആദിയായവർ ഉറഹായിലേക്കും അവിടെനിന്ന് മൂസലിലും എത്തി. മർദ്ദീനിലേക്കു പോയവർ ഇന്നും പ്രസിദ്ധമായ കുർക്കുമാ ദയറാ പണിതു. മോർ മത്തായി മുതലായവർ ചെറിയ ഗുഹകൾ പണിത് താമസിച്ചുവന്നു.

അന്നു ആസൂർ (നിനുവാ) ഭരണാധിപനായിരുന്ന സെൻഹരിബിന്റെ ഏകപുത്രൻ ബഹനാം ഭക്തനും നായാട്ടിൽ ഉത്സുകനുമായ ഒരു ഉത്തമബാലനായിരുന്നു. ഏകപുത്രി, സാറാ, കുഷ്ഠരോഗിണിയുമായിരുന്നു. നായാട്ടിൽ ഒരു മാനിന്റെ പിന്നാലെ പാഞ്ഞെത്തിയ ബഹനാം ചെന്നെത്തിയത് മാർ മത്തായി താമസിച്ചിരുന്ന ഗുഹയിലായിരുന്നു. അദ്ദേഹത്തിൽ നിന്നും നമ്മുടെ കർത്താവിനെക്കുറിച്ചു കേട്ട ബഹനാം രക്ഷകനിൽ വിശ്വസിക്കുകയും വിശുദ്ധന്റെ പ്രാർത്ഥനയാൽ സാറാ രോഗവിമുക്തയാകുകയും, ബഹനാമും സാറായും മാതാവും മാമ്മൂദീസാ ഏൽക്കുകയും ചെയ്തു. ബഹനാമിനെയും സാറായേയും വധിച്ചു. ചിത ഒരുക്കുമ്പോൾ ഭൂമി പിളർന്നുപോയി. ആ സ്ഥലത്ത് ഇന്ന് മോർ ബഹുനാമയുടെ ദയറാ സ്ഥിതി ചെയ്യുന്നു.

ദൈവകോപം മൂലം രാജാവ് കുഷ്ഠരോഗബാധിതനായി. സ്വപ്നത്തിൽ വെളിപ്പെട്ട ബഹനാം സഹദാ, മാർ മത്തായിയെ സമീപിക്കുവാൻ രാജാവിനോട് നിർദ്ദേശിച്ചതനുസരിച്ച് സെൻഹറിബ് മോർ മത്തായിയെ സന്ദർശിച്ച് വിശ്വസിച്ച് മാമ്മൂദീസാ ഏറ്റു. ആ സ്ഥലത്ത് സെൻഹറിബു രാജാവ് 4-ാം നൂറ്റാണ്ടിൽ പണിയിച്ചതാണ് മോർ മത്തായിയുടെ ദയറാ. 5, 6, 7 നൂറ്റാണ്ടിൽ ഏതാണ്ടു പന്തീരായിരത്തോളം ദയറാക്കാർ ഇവിടെ ഉണ്ടായിരുന്നത്രേ. 1609, 1672, 1781സ 1796, 1858 എന്നീ വർഷങ്ങളിൽ അതു നശിപ്പിക്കപ്പെട്ടെങ്കിലും പുനരുദ്ധീകരിക്കുകയുണ്ടായി. ഈ ദയറായിൽ നിന്നും 3 പാത്രിയർക്കീസന്മാരും, 7 മപ്രിയാന്മാരും 24 മെത്രാപ്പോലീത്തമാരും ഉണ്ടായിട്ടുണ്ട്. മോർ മത്തായി, മോർ സഖായി,മോർ അബ്രഹാം, പണ്ഡിതശ്രേഷ്ഠനായ മോർ ഗ്രിഗോറിയോസ് ബാറെബ്രായ മുതലയാവരുടെയും അനേകം മേൽപ്പട്ടക്കാരുടെയും രക്തസാക്ഷികളുടെയും കബറുകൾ ഈ ദയറായിൽ കാണാം.

ഇപ്പോഴും, ഈ ദയറായ്ക്കു വളരെയേറെ ഭൂസ്വത്തുക്കളുണ്ട്. 2000-ൽ പരം ഏക്കർ! വസ്തു കർഷകരിൽ നിന്നുള്ള ആദായം, മാർബിൾ കല്ലുകളിൽ നിന്നുള്ള ആദായം, മുന്തിരി, ഒലിവുതോട്ടങ്ങളിൽ നിന്നുള്ള വരുമാനം, 2000ൽ പരം ആടുകളിൽ നിന്നുള്ള വരവ് മുതലായവമൂലം, അവിടുത്തെ ദയറാക്കാർ, മേൽപ്പട്ടക്കാർ, വൈദിക വിദ്യാർത്ഥികൾ എന്നിവർക്കും പുറമെ അവിടെ ആഗതരായി താമസിക്കുന്നവർക്കെല്ലാം സൗജന്യമായി ഭക്ഷണം കൊടുക്കുന്ന പതിവ് ഇന്നും നിലനിന്നുപോരുന്നു.

മോർ മത്തായി താമസിച്ചിരുന്ന കുറഹ (ഗുഹ പോലുള്ള ചെറിയ മുറി)യിൽ പാറയിൽ വെട്ടിയുണ്ടാക്കിയ ത്രോണോസും ഒരു മേശയും. ഇരിപ്പിടവും, വെള്ളം ശേഖരിക്കാനുള്ള കുഴിയും ഇപ്പോഴും കാണാം. അദ്ദേഹത്തിന്റെ ഓർമ്മദിവസം അവിടെ വി. കുർബ്ബാനയുമുണ്ട്. മോർ ബാറെബ്രായ പ്രസിദ്ധമായ ഈത്തിക്കോൻ, മ്നാറസ് കുദ്ശെ, സൽഗെ എന്നീ പുസ്തകങ്ങൾ എഴുതിയത് ഈ ദയറായിൽ വെച്ചായിരുന്നു. വിശുദ്ധ പിതാക്കന്മാരുടെ തിരുശേഷിപ്പുകളിൽ നിന്നും പല അത്ഭുതങ്ങളും അവിടെ നടക്കുന്നുണ്ട്. ഇവിടെ സ്ഥിരതാമസക്കാരായ നിരവധി റമ്പാന്മാർക്കു പുറമെ, മൂസൽ ബാഗ്ദാദ്, ബസ്റാ മുതലായ സ്ഥലങ്ങളിൽ നിന്നും വേനൽക്കാലത്തു വന്നു താമസിക്കുന്നവർക്കായി, 500 കുടുംബങ്ങൾക്കു താമസിക്കത്തക്ക നിലയിൽ കെട്ടിടങ്ങളും പണിതിട്ടുണ്ട്.

*കടപ്പാട്: വി. സുറിയാനി സഭ*

# ആത്മഹത്യ: സഹായത്തിനായുള്ള ...

*(5-ാം പേജിൽ നിന്നും തുടർച്ച)*

ആത്മാർത്ഥമായി ദൈവിക കൃപയിൽ ജീവിക്കാൻ സാധിച്ചാൽ അത് നമ്മെ പല ഉന്മാദത്തിൽനിന്നും രക്ഷിക്കും.

ജീവിതം കയ്പും മധുരവും നിറഞ്ഞതാണ്. ഈ കയ്പിനെയും മധുരത്തെയും സ്വീകരിക്കാനുള്ള മനഃശക്തിനേടുന്നതാണ് ജീവിതവിജയം. ലോകത്ത് പല പ്രമുഖരും തങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധികളെയും വേദനകളെയും സ്വീകരിക്കാൻ മനസ്സു പാകപ്പെടുത്തിയിരുന്നില്ല. യേശുക്രിസ്തുവിന്റെ ജീവിതം പഠിപ്പിക്കുന്നത് എന്തിനെയും സ്വീകരിക്കാനുള്ള മനസ്സാണ്. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ സ്വയം ശൂന്യനാകുന്ന മനുഷ്യത്വത്തിന്റെ ഉടമയെയാണ്. ക്രിസ്തുവിൽ കാണുന്നത്. നാം നമ്മുടെ ജീവിതങ്ങളെ സ്വയം ശൂന്യവത്ക്കരണത്തിലൂടെ സമർപ്പിക്കപ്പെടുമ്പോൾ ആഗ്രഹങ്ങൾക്ക് അറുതിയുണ്ടാകും. വേദനകൾക്ക് ശമനമുണ്ടാകും. മറ്റുള്ളവരുടെ വേദനകളും വിഷമങ്ങളും മനസ്സിലാക്കുന്നവർക്ക് അസ്വസ്ഥതയിൽനിന്ന് മോചനം ഉണ്ടാവുകയും അവർ ഏത് പ്രതിസന്ധിയെയും പ്രത്യാശയോടെ നേരിടുവാൻ പ്രാപ്തരാവുകയും ചെയ്യും. അതിനായി നാം ചില ജീവിതസത്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ ഒരിക്കൽ കാരാഗൃഹം കാണുക; ദൈവം നമുക്ക് നല്കിയ സ്വാതന്ത്ര്യത്തിന്റെ വിലയറിയാം.

ആയുസ്സിലൊരിക്കൽ കോടതിയിൽ ചെല്ലുക; ദൈവം നമുക്ക് നല്കിയ നീതിനിഷ്ഠയുടെ മഹത്വം മനസ്സിലാകും.

മാസത്തിലൊരിക്കൽ ആതുരാലയം സന്ദർശിക്കുക; ദൈവം നമുക്ക് നല്കിയ ആരോഗ്യത്തിന്റെ അനുഗ്രഹം ഗ്രഹിക്കാം.

ആഴ്ചയിലൊരിക്കൽ പൂന്തോപ്പിൽ പോവുക; പ്രപഞ്ചനാഥൻ നമുക്ക് നല്കിയ പ്രകൃതി സൗന്ദര്യം കാണാം.

ദിവസത്തിലൊരിക്കൽ ഗ്രന്ഥാലയം സന്ദർശിക്കുക. ദൈവം നമുക്ക് നല്കിയ ചിന്താശക്തിയുടെ ചൈതന്യം അറിയാം.

അനുനിമിഷം ദൈവവുമായി ബന്ധപ്പെടുക. അവൻ നമുക്ക് നല്കിയ ജീവിതാനുഗ്രഹങ്ങൾ ബോധ്യമാകും.

ദൈവത്തിന്റെ അനുഗ്രഹങ്ങൾ വലിയവയാണ്. എന്നാൽ അവയെ തിരിച്ചറിയുന്നവർ ചുരുക്കമാണ്. ഏവരും ഉറ്റുനോക്കുന്നത് തങ്ങളേക്കാൾ മീതെയുള്ളവർ അനുഭവിക്കുന്ന ജീവിത സൗകര്യങ്ങളെയാണ്. അതിനാൽ സ്വന്തം സ്ഥിതിയും നേട്ടങ്ങളും ആരും അറിയുന്നില്ല. അതിനാൽ അനുഗ്രഹങ്ങളെ ഓർക്കാൻ അവസരം ലഭിക്കാതെ നിത്യനിരാശയിൽ കഴിയുവാൻ വിധിക്കപ്പെട്ടവനായി ജീവിക്കുന്നു. തന്നേക്കാൾ താഴെയുള്ളവരെ നോക്കി കാണുന്നവർ ലഭ്യമായ നിർഭാഗ്യങ്ങളെ സംബന്ധിച്ച് സന്തുഷ്ടരാവുകയും ദൈവമേകിയ അനുഗ്രഹങ്ങൾ അനുസ്മരിക്കുകയും ചെയ്യുന്നു.

സൃഷ്ടികളിൽ ശ്രേഷ്ഠരായ മനുഷ്യർ ദൈവത്തിന്റെ പ്രതിരൂപമാണ്. അതിനാൽ മനുഷ്യജീവൻ ഏറെ വിലപ്പെട്ടതാണ്. അത് നശിപ്പിക്കുവാൻ ആർക്കും അവകാശമില്ല. ദൈവം ആത്മഹത്യ വിലക്കിയില്ലായിരുന്നെങ്കിൽ എന്നാഗ്രഹിച്ച വിശ്വവിഖ്യാത കഥാപാത്രമായ ഹാംലെറ്റ് നിരാശയ്ക്കടിമപ്പെട്ട ജീവിതം ആയിരുന്നെങ്കിലും അത് ജീവിച്ചു തീർക്കുവാനുള്ള ബോധമുണർത്തി. നാമെല്ലാവരും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി, ആത്മീയമായ ഒരു നിയന്ത്രണബോധത്തിലേക്ക് വരേണ്ടിയിരിക്കുന്നു. പ്രശസ്ത സാഹിത്യകാരനായ സി. രാധാകൃഷ്ണൻസാർ ഇപ്രകാരം എഴുതി. അത്യാഗ്രഹങ്ങളെ ഒഴിവാക്കുവാനും ആഗ്രഹങ്ങളെ വിശുദ്ധീകരിക്കുവാനുമായി നാമെല്ലാവരും ആത്മീയമായ ഒരു നിയന്ത്രണ വഴിയിലൂടെ സംയമനപൂർവ്വം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

സഹായത്തിനായുള്ള നിലവിളികളെ കേൾക്കാതെ പോകുന്നവർ ഓരോ ജീവിതങ്ങളാണ് നഷ്ടപ്പെടുത്തുന്നതെന്ന് തിരിച്ചറിയുക. സഹജീവികളുടെ നഷ്ടപ്പെടുന്ന ഓരോ ജീവിതത്തിനും ഉത്തരവാദികളായിരിക്കും. അതിനാൽ പരസ്പരം സഹോദരങ്ങളുടെ കാവൽക്കാരാകാം...

# മെഡിക്കൽ മിഷൻ ആരംഭിച്ചു

ഡമാസ്കസ്: സെന്റ് അഫ്രേം യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ് മെഡിക്കൽ മിഷൻ പരി. പാത്രിയർക്കീസ് ബാവാ ഉദ്ഘാടനം ചെയ്തു. അശരണർക്കും വേദനിക്കുന്നവർക്കും സഹായമെത്തിക്കുന്നത് യേശുവിന് സേവനം ചെയ്യുന്നതുപോലെയാണെന്ന വേദവാക്യം അനുസ്മരിച്ചുകൊണ്ട് സമൂഹത്തിലെ പാവങ്ങൾക്കും രോഗികൾക്കും സാന്ത്വനമേകുവാൻ മിഷൻ സഹായമാകട്ടെയെന്ന് പരി. പാത്രിയർക്കീസ് ബാവാ കല്പിച്ചു. ഇറാഖിലെ യുദ്ധക്കെടുതി മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുവാൻ ഒരോ സഭാംഗവും ഒരു ദിവസത്തെ വരുമാനമെങ്കിലും സംഭാവനചെയ്യണമെന്ന് പരി. ബാവാ കല്പിച്ചു.

സമ്മേളനത്തിൽ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. യേശുക്രിസ്തുവിന്റെ സ്നേഹം മനുഷ്യർക്ക് പകർന്നു നൽകുവാൻ ഈ പ്രസ്ഥാനത്തിന് സാധിക്കട്ടെയെന്ന് ബാവാ ആശംസിച്ചു. പരി. പാത്രിയർക്കീസ് ബാവാ ഭദ്രദീപം കൊളുത്തി മെഡിക്കൽ മിഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മിഷന്റെ പ്രസിഡന്റ് അഭി. മോർ ക്ലീമീസ് ഔഗേൻ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സ്വാഗതം ആശംസിച്ചു.

യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, നജാദ് അതുല്ല (ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ സിറിയ), അപ്പോസ്തോലിക് ന്യൂൺഷ്യോ മൊറാംദി ജോൺ ബാപ്റ്റിസ്റ്റ്, ഡമാസ്കസ് മേയർ, ഫാ. ബാബു പെരിങ്ങോൾ, ഡോ. ഏബ്രഹാം എടത്തറ, ഡോ. സുഹൈൽ സവാശോ, ഡോ. സൂസൻ ജേക്കബ്, ഡോ. ജോർജ്ജ് ഹന്നാ, ലോനി

# സൗജന്യ നേത്രപരിശോധന നടത്തി

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സേവകാസംഘത്തിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് അഹല്യ ഫൗണ്ടേഷന്റെ സഹകരണത്തോടെ ആഗസ്റ്റ് 15-ന് സൗജന്യ നേത്ര പരിശോധന നടത്തി. വികാരി വന്ദ്യദിവ്യശ്രീ ഈ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ട്യേടത്ത്, സെക്രട്ടറി ബൈജു വെള്ളാപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി. കോട്ടയം എം. എൽ. എ. ശ്രീ. വി. എൻ. വാസവൻ ഉദ്ഘാടനം നിർവ്വഹിച്ചു.

# നാം എന്താണ്? ആരാണ്?

ശ്രീ. സി.കെ. ഏബ്രഹാം, മാലം

പിതാവായ ദൈവത്തോട്, തന്നിൽ വിശ്വസിച്ച്, തന്നോടൊപ്പം ആയിരിക്കുന്ന, തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു സുവിശേഷഭാഗമാണ്. വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം.

ഒരു പിതാവിന്റെ സമക്ഷം ഞാനും എന്നോടൊപ്പം ഉള്ളവരും ലൗകികരല്ല എന്ന പുത്രന്റെ ഉത്തമസാക്ഷ്യമാണ് 16-ാം വാക്യം.

കാലത്തിന്റെ നിറവിൽ പിതാവിന്റെ ഇഷ്ടപ്രകാരം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകയിൽ ജഡധാരണം ചെയ്ത് ഭൂജാതനായ ക്രിസ്തു പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം അത്ഭുതങ്ങളാകട്ടെ, അടയാളങ്ങളാകട്ടെ എല്ലാം തന്നെ, ലോകത്തിൽ ദൈവനാമം മഹത്വപ്പെടേണ്ടതിനും ആത്മീക വർദ്ധനയ്ക്കും, ആത്മാക്കളുടെ വീണ്ടെടുപ്പിനുമായിട്ടത്രെ നിവർത്തിച്ചത്.

പട്ടണത്തിലെ കല്യാണവിരുന്നിൽ നിറവും മണവുമില്ലാത്ത പച്ചവെള്ളത്തെ വീര്യമേറിയ വീഞ്ഞാക്കി മാറ്റി. അടയാളങ്ങളുടെ ആരംഭമായി. ദൈവനാമം മഹത്വപ്പെടേണ്ടതിനാണ് യേശു പ്രവർത്തിച്ചത്. ലൗകികരായിരുന്ന അനേകരെ ആത്മീയരാക്കുവാൻ ആ അടയാളം ഉപകരിച്ചു. സ്വാർത്ഥതാല്പര്യത്തിനോ, ജഡപൂരണത്തിന്നോ ആയതിനെ വിനിയോഗിച്ചില്ല.

എന്നാൽ ക്രിസ്ത്യാനിയുടെ ലേബലിൽ ക്രിസ്തുവിന്റെ പേരും പറഞ്ഞ് സ്വന്തം കൂട്ടായ്മ നയിച്ചു. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ബാനർ പ്രചാരണത്തിലൂടെ, വചനഘോഷണവും രോഗശാന്തിയുടെയും പേരിൽ ദ്രവ്യാഗ്രഹത്തോടെ ജഡമോഹത്തിൽ തികഞ്ഞ ലൗകികമായി അനേക ആത്മാക്കളെ വഞ്ചിക്കുന്ന അനവധി സഭകളും കൂടിവരവുകളും ഇന്നുണ്ട്. എല്ലാം നസറായന്റെ നാമത്തിൽ ധന, മാന, സ്ഥാന, മോഹങ്ങൾ നിറവേറ്റി സായൂജ്യമടയുന്ന വേലക്കാരെ സൂക്ഷിക്കുവാൻ വചനം ഉൽബോധിപ്പിക്കുന്നു.

എന്നാൽ യേശു തന്റെ മനുഷ്യാവതാര കാലത്ത് കാനാവിലെ അടയാളം മുതൽ കാൽവരി ക്രൂശിലെ മരണം വരെ തന്റെ പിതാവിന്റെ ഇഷ്ടത്തിനും പിതാവിന്റെ നാമമഹത്വത്തിനും ആത്മാക്കളുടെ വീണ്ടെടുപ്പിനുമായി താൻ സ്വർഗ്ഗീയ കാര്യങ്ങൾ നിറവേറ്റിയിട്ട് ഞാൻ ലൗകികനല്ല എന്ന് പിതാവിന്റെ സമക്ഷം നല്ല സാക്ഷ്യത്തോടെ വെളിപ്പെടുത്തി.

ഇവരും ലൗകികരല്ല എന്ന് തന്നോടു കൂടി ഉള്ളവരെ പിതാവിന്റെ അടുക്കൽ നല്ല സാക്ഷ്യത്തിൽ യേശു ഏറ്റു പറഞ്ഞു. ക്രിസ്തുവിന്റെ നാമം വിളിക്കപ്പെട്ടവരായ നമ്മെ പ്രതി യേശുവിന് ഇങ്ങനെ വെളിപ്പെടുത്താമോ?

ഉയർത്തെഴുന്നേറ്റവനായ കർത്താവ് എല്ലായ്പ്പോഴും കൂടെ ഇല്ല എന്ന കാരണത്താൽ പത്രോസും തോമാസും മറ്റു പലരും നിരാശരായി പഴയ തൊഴിലിന് ജീവനകാര്യത്തിന് ഉപജീവന ചിന്തയോടെ തിബര്യയോസിലേക്ക് പോയില്ലേ? അത് ആത്മീയമായിരുന്നുവോ, നാമും ദൈനംദിന ജീവിതത്തിൽ സ്വാർത്ഥ താല്പര്യത്തോടെ എന്ത് തിന്നും എന്ത് ഉടുക്കും എന്ന് ജഡത്തിനെ മാത്രം ചിന്തിച്ച് മനം കലങ്ങാറില്ലേ?

മഹാപുരോഹിതന്റെ നടു മുറ്റത്ത് വെച്ച് വില കുറഞ്ഞ വേലക്കാരിയുടെ മുമ്പിൽ അരുമനാഥനെ പത്രോസ് തള്ളി പറഞ്ഞത് മരണഭയത്താലല്ലേ? ജഡിക മോഹത്താലല്ലേ?

ശുദ്ധിമതിയായ മാതാവിന്റെ സന്നിധിയിൽ കണ്ണീരോടെ പ്രാർത്ഥിച്ച് മഹാമദ്ധ്യസ്ഥതയാൽ ധാരാളം കൃപകൾ കർത്താവിന്റെ പക്കൽ നിന്നും പ്രാപിച്ച അനേകർ മാതാവിനെ നിഷ്കരുണം ഉപേക്ഷിച്ച് നടക്കുന്ന അനേകർ നമ്മുടെ ഇടയിലില്ലേ.

"ഞാൻ ലൗകികനല്ലാത്തതു പോലെ പിതാവേ ഇവരും ലൗകികരല്ലേ" എന്ന ഈ നന്ദികെട്ടവരും പിന്മാറ്റക്കാരും ആയവരെ പ്രതി കർത്താവ് സാക്ഷ്യം പറയുമോ?

എന്റെ വചനം കേട്ടതനുസരിച്ച് പിതാവിൽ വിശ്വിസിക്കുന്നവന് നിത്യജീവനുണ്ട്. അവന് ന്യായവിസ്താരമില്ല എന്ന കർത്താവിന്റെ വചനം മഹാപുരോഹിതന്റെ നടുമുറ്റത്തുവെച്ച് സൗകര്യാർത്ഥം അവർ അന്നു മറന്നു. നമ്മളും ഇന്ന് മറക്കുന്നു. എങ്ങനെ കർത്താവ് ഇവരും ലൗകികരല്ല എന്ന് ദൈവ തിരുമുമ്പാകെ നമ്മെ സമർപ്പിക്കും. ജഡത്തെ വിട്ട് മരണം കാംക്ഷിക്കുവാനല്ല, ആത്മഹത്യ ചെയ്യുവാനുമല്ല - പ്രതുത ആത്മാവിനാൽ ജഡത്തെ ജയിച്ച് പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ട് ദൈവഹിതപ്രകാരം ജീവിക്കുന്ന മനുഷ്യനെ പ്രതി ഇവരും ലൗകികരല്ല എന്നറിയുവാൻ അങ്ങനെ ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്നു വെളിപ്പെടുത്തിയ കർത്താവിനെ അറിഞ്ഞു ജീവിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിച്ചാൽ.

പിതാവേ, ഇവരും ലൗകികരല്ല എന്ന് കർത്താവ് പറയും
നാം ആത്മികരോ, ലൗകികരോ?

# ഇന്നത്തെ സ്വാതന്ത്ര്യം

സുരേഷ് ജോൺ കൈപ്പള്ളിൽ

ഇന്ത്യയിലെ സർവകുഴപ്പങ്ങൾക്കും കാരണം വിദേശാധിപത്യമാണെന്നായിരുന്നു അന്നു നമ്മുടെ വിശ്വാസം. അല്ലെങ്കിൽ അങ്ങനെ വിശ്വസിപ്പിക്കാനായിരുന്നു നാം ശ്രമിച്ചത്. പ്രചരിപ്പിച്ചതും അങ്ങനെ തന്നെ. സ്വാതന്ത്ര്യം നമ്മുടെ പാരതന്ത്ര്യങ്ങളെയെല്ലാം തകർക്കുമെന്നും നാം കരുതി. അനീതിയോ അഴിമതിയോ അടിമത്തമോ ദാരിദ്ര്യമോ ഇല്ലാത്ത ഒരു ഇന്ത്യയായിരുന്നു അന്ന് ഓരോ ഇന്ത്യാക്കാരന്റേയും മനസ്സിലെ ചിത്രം. മനോഹരമായ ആ ചിത്രത്തിൽ മഷി വീഴിക്കുവാനും നമുക്ക് എളുപ്പത്തിൽ കഴിഞ്ഞു.

സത്യം ദൈവമാണെന്നായിരുന്നു ഗാന്ധിജിയുടെ മതം. കഴിഞ്ഞ അമ്പതുവർഷം കൊണ്ട് നാം സത്യമല്ലാത്തതിനെയെല്ലാം ദൈവമാക്കിത്തീർത്തു. മദ്യവും പണവും ആഡംബരവും നമുക്ക് ആരാധനാമൂർത്തികളായി. സമൂഹത്തിലെ സർവ്വതലങ്ങളിലും അഴിമതിയുടെ പ്രതിഷ്ഠാസങ്കേതങ്ങൾ കൂണുകൾ പോലെ കിളിർത്തുപൊങ്ങി. ആരെയും ആർക്കും വിശ്വാസമില്ലാത്ത അവസ്ഥയിൽ ഓരോരുത്തരും അപരനു ശത്രുവായി. അടുത്തു നിൽക്കുന്നവൻ അപരാധി എന്നതു നാം പ്രമാണമാക്കി.

"നിങ്ങൾക്ക് എപ്പോഴെങ്കിലും സംശയമുണ്ടായാൽ ഒരു തീരുമാനമെടുക്കും മുമ്പ് ഇന്ത്യയിലെ ദരിദ്രനാരായണന്മാരെക്കുറിച്ച് ഒരു നിമിഷം ആലോചിച്ചശേഷം തീരുമാനമെടുക്കുക. ആ തീരുമാനം ഒരു ശരിയായ തീരുമാനമായിരിക്കും." എന്നു ഗാന്ധിജി സ്വതന്ത്രഭാരതത്തിന്റെ ആദ്യഭരണനായകരെ ഓർമ്മിപ്പിക്കുകയായുണ്ടായി. ഇന്നിപ്പോൾ നമുക്കു കോടികളുടെ കണക്കുകളേ കേൾക്കാനുള്ളൂ എന്നതാണവസ്ഥ. സാധാരണക്കാരൻ സർവസ്ഥലങ്ങളിൽ നിന്നും തീർത്തും നിഷ്കാസിതനുമാണ്. കോടീശ്വരന്മാർ അരങ്ങുവാഴുന്നു. രാഷ്ട്രീയ നേതാക്കളും കോടീശ്വരന്മാരായിത്തീരുന്നു. അവരും പഞ്ചനക്ഷത്രശൈലി സ്വീകരിക്കുന്നു. ഭരണാധിപന്മാർ പോലും മദ്യവിരുന്നുകൾ പതിവാക്കുന്നു.

28.08.08-ലെ വാർത്ത ലോകത്തിലെ മൂന്നിലൊന്ന് ദരിദ്രരും ഇൻഡ്യയിലാണ്. ഇവരുടെ ഉന്നമനത്തിനായി വാദിക്കാൻ ഒരു എം. പി. യോ, എം. എൽ. എ. യോ നമുക്കില്ല. കേരളത്തിലെ ഏറ്റവും പ്രശസ്ത ചരിത്രകാരനായ ശ്രീധരമേനോൻ കേരള ചരിത്രമെന്ന പുസ്തകത്തിൽ സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി. സംസ്കാര സമ്പന്നർ, തികഞ്ഞ സത്യസന്ധർ, മദ്യവും, മാംസവും ഉപയോഗിക്കാത്തവർ ഈ പ്രസ്താവന രണ്ടുതലമുറ മുമ്പുള്ള സുറിയാനിക്കാർക്കു മാത്രം ബാധകമാണ്.

നീതി നടത്തേണ്ട കോടതികളെക്കുറിച്ചും പോലീസിനെക്കുറിച്ചും ജനങ്ങൾക്കുള്ള വിശ്വാസത്തിനു കോട്ടം സംഭവിച്ചിരിക്കുന്നു. ചിലപ്പോഴെങ്കിലും ന്യായാധിപന്മാർക്ക് ഒരു ന്യായവും ജനങ്ങൾക്ക് മറ്റൊരു നീതിയുമെന്നും വരുന്നുണ്ട്. ലൈംഗികാപവാദ ക്കേസുകളിൽപ്പെടുന്ന ജഡ്ജിമാരും കൈക്കൂലി ആരോപണങ്ങൾക്കു വിധേയരാകുന്നവരും ജുഡീഷ്യറിക്ക് അന്യമല്ലെന്നു വന്നിരിക്കുന്നു. സ്വന്തക്കാർക്കും ബന്ധുക്കൾക്കും വേണ്ടി ശുപാർശ പറയുന്ന ജഡ്ജിമാരും ഇന്നു ചുരുക്കമായെങ്കിലുമുണ്ട്. സമൂഹത്തിൽ സംഭവിച്ചിട്ടുള്ള മൂല്യച്യുതിയുടെ സുനാമിത്തിരകളിൽ ന്യായാധിപരും ഉൾപ്പെട്ടുപോയിരിക്കുന്നുവെന്നതാണ് കഴിഞ്ഞ അരനൂറ്റാണ്ടിലെ അനുഭവങ്ങൾ നമുക്കു നൽകുന്ന പാഠം. എങ്കിലും, ഇന്നും സാധാരണജനങ്ങൾക്ക് അല്പമെങ്കിലും വിശ്വാസമവശേഷിച്ചിട്ടുള്ളതു ജുഡീഷ്യറിയിൽ തന്നെയാണുതാനും. നീതിന്യായവ്യവസ്ഥകൾക്കും സംവിധാനങ്ങൾക്കും സംഭവിച്ചിട്ടുള്ള ജീർണതകളെക്കുറിച്ചും അതു നമ്മുടെ ജനാധിപത്യത്തിനും ഭരണഘടനാസംവിധാനങ്ങൾക്കും ഏല്പിക്കാവുന്ന മാരകമായ ക്ഷതത്തെക്കുറിച്ചും ഇടയ്ക്കിടെ ന്യായാധിപന്മാർ ജനങ്ങൾക്കും മുന്നറിയിപ്പു നൽകുന്നുണ്ടല്ലോ.

തങ്ങൾ ചെയ്യേണ്ടതു ചെയ്യാതിരിക്കുവാനും ചെയ്യാൻ പാടില്ലാത്തതു ചെയ്യുവാനുമുള്ള ന്യായം കണ്ടെത്തുന്ന തിരക്കിലാണിന്നു സർവരും. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ പാർലമെന്റിലും നിയമസഭകളിലും നിന്നും നിത്യേനയെന്നോണം നിലവാരമില്ലായ്മകളുടെ തുടർക്കഥകൾ വരുന്നതും നാം വായിക്കുന്നുണ്ട്.

പത്തോ അമ്പതോ പേർ ചേർന്നു നടത്തുന്ന ജാഥയായാലും മണിക്കൂറുകളോളം വഴിയിൽ ഗതാഗതം തടഞ്ഞിടുന്നതിനുള്ള ന്യായം അത്രയും പേർ തന്നെ ഇതിനു ധാരാളമെന്നാണ്. ഇനി രാഷ്ട്രീയ കക്ഷികളുടെ ശക്തി പ്രകടനമായാലോ? കമ്പത്തുനിന്നു കാളകളെ കൊണ്ടുവരുന്നതു പോലെയാണ് പലപ്പോഴും പാർട്ടി സമ്മേളനത്തിലേക്കു ലോറിയിലും മറ്റും ആളുകളെ എത്തിക്കുക.

സമരങ്ങളും പണിമുടക്കുകളും നാട്ടിൽ നിത്യാനുഭവങ്ങളാണിന്ന്. നിസാരകാരണങ്ങളുടെ പേരിലാണ് പലപ്പോഴും ഫാക്ടറികളിലും വിദ്യാലയങ്ങളിലും സർക്കാരോഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ പണിമുടക്കമുണ്ടാവുക. ആഫീസുകളിൽ ഫയലുകൾക്കൊന്നും നീക്കമില്ല. വിദ്യാലയങ്ങളിലാകട്ടെ പലപ്പോഴും പഠനമോ പഠിപ്പിക്കലോ ഇല്ലെന്നായിരിക്കുന്നു. ഇനി കലണ്ടറിൽ കൂടി ബന്ദിനും ഹർത്താലിനുമൊരു കോളമുണ്ടായാൽ മതി. കഴിഞ്ഞമാസം കേരളാ ഹൈക്കോടതി പറഞ്ഞു ഹർത്താലിൽനിന്ന് കേരളത്തെ ദൈവം രക്ഷിക്കട്ടെ. ഇതും ഒരു സ്വാതന്ത്ര്യം. പല ദിവസങ്ങളിലും കോടിമതയിൽനിന്നും കോട്ടയത്തെത്താൻ 30 മിനിട്ട് എടുക്കും. 5 മിനിട്ടിന് എന്തിനാണ് 30 മിനിട്ട് എന്നു ചോദിച്ചാൽ കോട്ടയത്ത് 20 പേർ ഉൾപ്പെടുന്ന ജാഥ റോഡ് നിറഞ്ഞ ഗതാഗതം തടസ്സപ്പെടുത്തുകയാണ്. ഈ രാജ്യത്തു മാത്രമേ ഈ സ്വാതന്ത്ര്യം ഉള്ളൂ.

മതസഹിഷ്ണുതയ്ക്കും മതസാഹോദര്യത്തിനും മാതൃകയായിരുന്നല്ലോ ഒരു കാലത്ത് ഈ നാട്. മതത്തിന്റെ പേരിലായിരിക്കുന്നു ഇന്നു നാടിനെ നടുക്കുന്ന അക്രമങ്ങളിലേറിയ പങ്കും അരങ്ങേറുന്നത്. ഊഹാപോഹങ്ങൾ പ്രചരിപ്പിച്ചു ജനവികാരം ആളിക്കത്തിച്ചുകൊണ്ടാണ് സാമൂഹികവിരുദ്ധർ നാട്ടിലഴിഞ്ഞാടുന്നത്. പകൽക്കൊള്ളയും കൊള്ളിവയ്പും നടക്കുമ്പോൾ പോലീസ് നിശബ്ദ സാക്ഷികളായി നോക്കി നിൽക്കുന്ന അനുഭവവും നമുക്കിന്നു പുതുമയല്ലാതായിക്കഴിഞ്ഞു. നിയമപാലകരുടെ കേന്ദ്രങ്ങൾ തന്നെ പലപ്പോഴും നിയലംഘനങ്ങൾക്കു വേദിയാകുന്നു. നീതിപീഠങ്ങൾക്കുപോലും ഇവയ്ക്കൊക്കെ സാക്ഷിയാകേണ്ടിയും വരുന്നു. കൊലപാതകം ആത്മഹത്യയാകുന്നതും ആത്മഹത്യ കൊലപാതകമായി മാറുന്നതും നാട്ടിൽ പതിവായിക്കഴിഞ്ഞു.

സ്വതന്ത്ര ഇന്ത്യയിലെ യജമാനന്മാർ ഭാരതീയഗ്രാമങ്ങളിലെ ദരിദ്രനാരായണന്മാരാണെന്നു ഗാന്ധിജി പഠിപ്പിച്ചതിന്റെ പെരുളറിയണമെങ്കിൽ സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നങ്ങളെന്തായിരുന്നുവെന്നുകൂടി നാമറിയണം. സ്വാതന്ത്ര്യത്തിലൂടെ നാം പൊളിച്ചുകളഞ്ഞ അവരുടെ സ്വപ്നങ്ങളുടെ കരിഞ്ഞ കോലങ്ങൾ ഇന്നു നമ്മുടെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും വേതാളങ്ങളെപ്പോലെ നമ്മെ വേട്ടയാടുന്നു.

ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് എന്തൊക്കെ വിമർശനങ്ങൾ ആരൊക്കെ പറഞ്ഞാലും അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രതിയോഗികൾപോലും നെഹ്റുവിൽ അല്പത്വമോ അഹങ്കാരമോ ആരോപിച്ചിരുന്നില്ല. ഇന്ത്യയിലെ ജനങ്ങൾക്ക് തങ്ങളുടെ പ്രധാനമന്ത്രിയിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നുവെന്നു ചുരുക്കം. പ്രധാനമന്ത്രിപദത്തിന്റെ പ്രൗഢിയും സംശുദ്ധിയും മരിക്കുവോളം പണ്ഡിറ്റ്ജിക്ക് അന്യൂനമായിത്തന്നെ നിലനിർത്തുവാനും കഴിഞ്ഞു.

നെഹ്റുവിന്റെ വ്യക്തിപരിവേഷമില്ലായിരുന്നുവെങ്കിലും ലാൽ ബഹദൂർ ശാസ്ത്രി വിനീതനും സത്യസന്ധനുമായ പ്രധാനമന്ത്രിയെന്ന നിലയിൽ ജനങ്ങളുടെ ഹൃദയം കവർന്നു. മാന്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇന്ദിരാഗാന്ധി. ജനാധിപത്യമൂല്യങ്ങളോടു വേണ്ടത്ര ആദരവു കാണിക്കുവാൻ അവർക്കു കഴിഞ്ഞില്ല എന്നതു സ്വതന്ത്ര ഇന്ത്യയുടെ ദൗർഭാഗ്യങ്ങളിലൊന്നായി. ഇന്ന് പ്രധാനമന്ത്രിയാകാൻ എനിക്ക് എന്താണ് ഒരു കുറവെന്ന് ചോദിക്കുന്ന നേതാക്കന്മാരുടെ നീണ്ട നിര വ്യത്യസ്ത പാർട്ടികളിൽ നമുക്ക് കാണാം. ഇൻഡ്യൻ സ്വാതന്ത്ര്യത്തിന് കാവലാളായി നമുക്ക് മാറാം.




Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam